വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്

(സി) വനഭൂമി അനധികൃതമായി പതിച്ചുകൊടുക്കുന്നതായി പത്ര പംക്തികളിൽ കൂടെയും പരാതികളായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോഴെല്ലാം അതിനെപ്പറ്റി സമഗ്രമായി അന്വേഷിക്കുകയും, അത് അടയ്ക്കാൻ വേണ്ട നടപടി യഥാസമയം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണം നടത്തിയതിൽ അഗളി ലാൻഡ് ട്രൈബ്യൂണൽ പട്ടയം കൊടുത്ത് പതിച്ചു കൊടുത്ത 14 കേസുകളിൽ പതിച്ചുകൊടുത്ത ഭൂമി വനഭൂമിയാണെന്നു കണ്ടതിനെ തുടർന്നു പട്ടയം റദ്ദു ചെയ്യാൻ തൃശ്ശൂർ അപ്പലെറ്റ് അതോറിറ്റിയിൽ അപ്പീൽ കൊടുത്തിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ

* 73 [74] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളുടെ പ്രയോജനമാണ് ലഭിച്ചുവരുന്നത് ;

(ബി) ഈ ഇനത്തിൽ കഴിഞ്ഞ ആറുമാസത്തിനിടയിൽ എന്തുതുക ചിലവാക്കി ;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ പദ്ധതികൾ നടപ്പിലാക്കിവരുന്നത് ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മാത്രമായി സർക്കാർ താഴെ പറയുന്ന ആറു ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ എല്ലാ ഭവന നിർമ്മാണ പദ്ധതികളുടെയും പ്രയോജനം ഇവർക്ക് ലഭിക്കുന്നുണ്ട്.

(1) പട്ടികജാതിക്കാർക്കുള്ള ഭവനനിർമ്മാണ സാമ്പത്തിക സഹായ പദ്ധതി.
(2) ഭവന നിർമ്മാണ വായ്പ പദ്ധതി.
(3) പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
(4) ഗിരിവർഗ്ഗ ഉപപദ്ധതി.
(5) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതി.
(6) ആർ. എൽ. ഇ. ജി. പി.

(ബി) ഈ ഇനത്തിൽ മുകളിൽ പറഞ്ഞ ആറു പദ്ധതികളുടെ നടത്തിപ്പിനായി കഴിഞ്ഞ ആറുമാസത്തിനിടയ്ൽ 521.49 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. കൂടാതെ മറ്റു പദ്ധതികളിൽ ഉൾക്കൊള്ളിച്ച് 10.43 ലക്ഷം രൂപ കൂടി ഈ കാലയളവിൽ ചിലവാക്കിയിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ,

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് എഞ്ചിനീയർ (ലോക്കൽ വർക്സ് പി. ഡബ്ളിയു. ഡി.), ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർ എന്നീ ഏജൻസികൾവഴിയാണ് മുകളിൽ പറഞ്ഞ ആറ് പദ്ധതികളും നടപ്പിലാക്കി വരുന്നത്. ഇതുകൂടാതെ ജില്ലാ കളക്ടർമാരും, റവന്യൂ ബോർഡും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡും ഭവന നിർമ്മാണ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

വെള്ളപ്പൊക്കക്കെടുതികൾക്കും വരൾച്ചക്കും ലഭിച്ച സാമ്പത്തിക സഹായം

258. [314] ശ്രീ. കെ. മുസ്സാക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-9-1986 വരെ വെള്ളപ്പൊക്കക്കെടുതികൾക്കും വരൾച്ചയ്ക്കുമായി എത്ര കോടി രൂപയുടെ സാമ്പത്തിക സഹായത്തിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു ;

(ബി) കേന്ദ്രം എത്ര കോടി രൂപയുടെ സഹായം അനുവദിച്ചു ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-9-1986 വരെ വെള്ളപ്പൊക്കക്കെടുതികൾക്കും വരൾച്ചയ്ക്കുമായി മൊത്തം 2170.58 കോടി രൂപയുടെ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിരുന്നു.

(ബി) കേന്ദ്ര ഗവൺമെന്റ് 213.09 കോടി രൂപയുടെ ചെലവിനങ്ങൾ അംഗീകരിച്ചെങ്കിലും 167.18 കോടി രൂപയാണ് സഹായധനമായി അനുവദിച്ചിട്ടുള്ളത്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച തുക

259. [315] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് സഞ്ചിത നിധിയിൽ നിന്ന് എത്ര സംഖ്യ ചെലവഴിച്ചു ;

(ബി) ഓരോ ജില്ലയിലേക്ക് നീക്കി വച്ചിരുന്ന സംഖ്യ എത്ര വീതം ;

(സി) ഈ സംഖ്യകൾ യഥാസമയം ചെലവഴിക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഈ വർഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് സഞ്ചിത നിധിയിൽ നിന്ന് 10 കോടി രൂപ ചെലവഴിക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാർക്കും ചില വകുപ്പ് തലവൻമാർക്കും നൽകി.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) സഞ്ചിത നിധിയിൽ നിന്ന് നൽകിയ സംഖ്യ അടിയന്തിരമായി ചെലവഴിച്ചിരിക്കണമെന്ന് കളക്ടർമാർക്കും വകുപ്പു തലവൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly